# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1365 — 11.06.2019-ൽ മറുപടിയ്ക്ക്

## ബോട്ട്-ഇൻ-ലാന്റ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. വി.കെ.സി. മമ്മത് കോയ | | ശ്രീ.ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | നികുതി കടിശ്ശിക വരുത്തിയതിനാൽ ബോട്ട്-ഇൻ-ലാന്റ് ആക്കി മാറ്റിയ ഭൂമി പ്രസ്തുത കടിശ്ശിക തുക പലിശ സഹിതം തിരിച്ചടച്ചാൽ തിരികെ വിട്ടുനൽകാൻ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടി ക്രമങ്ങൾ എന്താണ്; വിശദമാക്കുമോ; | (എ) | നികുതി കടിശ്ശികയുടെ ഭാഗമായി ബോട്ട്-ഇൻ-ലാൻഡാക്കി മാറ്റിയ ഭൂമി തിരികെ നൽകുന്നതിന് 1968-ലെ റവന്യൂ റിക്കവറി നിയമം വ്യവസ്ഥ ചെയ്യുന്നില്ല. എന്നാൽ 01.03.2013-ലെ സ.ഉ(എം.എസ്)76/13/റവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ബോട്ട്-ഇൻ-ലാൻഡാക്കിയ ഭൂമി ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് യഥാർത്ഥ ഉടമസ്ഥനോ, നിയമപരമായ അവകാശികൾക്കോ തിരികെ നൽകാൻ വ്യവസ്ഥ ചെയ്യുന്നു.<br><br>(1) ഭൂമി സർക്കാർ ബോട്ട്-ഇൻ-ലാൻഡാക്കി എടുത്ത തീയതി മുതൽ രണ്ട് വർഷത്തിനുള്ളിൽ കുടിശ്ശികയും ഭൂമി ഏറ്റെടുത്ത നാൾ മുതൽ അടയ്ക്കുന്നതുവരെയുള്ള പലിശ, കളക്ഷൻ ചാർജ്ജ് എന്നിവയും അടച്ച് തീർത്ത് അപേക്ഷിയ്ക്കുന്നവർക്ക് ഭൂമി തിരികെ നൽകാവുന്നതാണ്.<br><br>(2) രണ്ട് വർഷത്തിനു ശേഷം 5 വർഷത്തിനകം കുടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ അടച്ച ശേഷം അപേക്ഷിക്കുന്ന ഭൂരഹിതർക്ക് 25 സെന്റ് സ്ഥലം വരെ തിരികെ |

| | | | |
|---|---|---|---|
| | | | നൽകാവുന്നതാണ്. ഭൂരഹിതരായവർക്ക് 25 സെന്റിൽ കൂടുതൽ സ്ഥലം തിരികെ വേണമെന്നുണ്ടെങ്കിൽ മുഴുവൻ കടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ മുഴുവൻ സ്ഥലത്തിന്റെയും കമ്പോളവില കൂടി നൽകിയാൽ 1 ഏക്കർ സ്ഥലം വരെ തിരികെ നൽകാവുന്നതാണ്.<br><br>**(3)** രണ്ട് വർഷത്തിനുശേഷം 5 വർഷത്തിനകം അപേക്ഷിക്കുന്ന സ്വന്തമായി ഭൂമിയുള്ളവർക്ക് മുഴുവൻ കടിശ്ശിക, പലിശ, കളക്ഷൻ ചാർജ്ജ് എന്നിവ കൂടാതെ ഭൂമിയുടെ കമ്പോളവിലകൂടി അടച്ചാൽ ഒരു ഏക്കർ വരെ തിരികെ നൽകാവുന്നതാണ്.<br><br>5 വർഷത്തിനു ശേഷം അപേക്ഷിക്കുന്ന ആർക്കും തന്നെ ബോട്ട്-ഇൻ-ലാൻഡ് തിരികെ നൽകേണ്ടതില്ലെന്ന് ഉത്തരവ് ഉണ്ടെങ്കിലും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൂമി ഒന്നും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്ന കാര്യം പ്രത്യേക കേസ്സായി പരിഗണിച്ചും മന്ത്രിസഭയുടെ അനുമതിയോടെ ബോട്ട്-ഇൻ-ലാൻഡ് വസ്തു തിരികെ നൽകിയിട്ടുണ്ട്. |
| **(ബി)** | ഇത്തരത്തിൽ ഭൂമി തിരികെ നൽകാൻ സമർപ്പിച്ച അപേക്ഷകൾ വർഷങ്ങളോളം നടപടിയെടുക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | **(ബി)** | കൊല്ലം, കാസർഗോഡ് ജില്ലകളിൽ അപേക്ഷകളിലെ അപര്യാപ്തത മൂലം ചില കേസ്സുകളിൽ നടപടികൾ തുടരുന്നു. മറ്റ് 12 ജില്ലകളിലും അപേക്ഷകൾ ഒന്നും തന്നെ കടിശ്ശികയില്ല. |

സെക്ഷൻ ഓഫീസർ